KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**13.09.2009**

# ജയിലുകളിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ സബ്ജയിലുകളിലും ഉടൻ ആരംഭിക്കും

തിരുവനന്തപുരം: എച്ച്ഐവി നിയന്ത്രണ, ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ആറു ജയിലുകളിൽ ആരംഭിച്ച ജ്യോതിസ് കേന്ദ്രങ്ങളുടെ സേവനങ്ങൾ ഇവയുടെ പരിധിയിൽ വരുന്ന സബ്ജയിലുകളിൽ ഉടനടി ആരംഭിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരത്തു ചേർന്ന ജയിൽ ഉദ്യോഗസ്ഥരുടെയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് ഈ തീരുമാനമുണ്ടായത്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ജ്യോതിസ് കേന്ദ്രങ്ങൾ നിലവിൽ വന്നത്. ഇവയുടെ പരിധിയിലുള്ള മറ്റു 15 സബ് ജയിലുകളിൽ ഈ ജ്യോതിസ് കേന്ദ്രങ്ങളുടെ സേവനങ്ങൾ വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ജയിലുകളിലെത്തുന്ന മുഴുവൻ സ്ത്രീ, പുരുഷ തടവുകാരെയും എച്ച്ഐവി പരിശോധന നടത്താൻ പ്രേരിപ്പിക്കുകയും എച്ച്ഐവി സംബന്ധമായ ബോധവത്കരണം നടത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. കൂടാതെ തടവുകാർക്ക് കൗൺസലിംഗ് നൽകുകയും ചെയ്യും.

തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ നടന്ന മേഖലാ യോഗത്തിൽ ജയിൽ ഡിഐജി ഗോപകുമാർ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ, ബേസിക് സർവീസസ് ജോയിന്റ് ഡയറക്ടർ ഡോ. ഷീല ജോസഫ്, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റിൽ നിന്നുള്ള കെ.ബി. സുധീർ, ജയിലുകളിൽ നിന്നുള്ള സൂപ്രണ്ടുമാർ, സീനിയർ വാർഡന്മാർ, വെൽഫെയർ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**